# 15 -ാം കേരള നിയമസഭ

## 6 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1732** **31-08-2022 - ൽ മറുപടിയ്ക്ക്**

## വ്യാജഗ്രേസ് മാർക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. സനീഷ്‌കുമാർ ജോസഫ്,<br>ശ്രീ. ടി. ജെ. വിനോദ്** | | **ഡോ. ആർ ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്കൃത സർവകലാശാലാ യുവജനോത്സവത്തിൽ പങ്കെടുക്കാതിരുന്നിട്ടും, ഒരു വിദ്യാർത്ഥി സംഘടനയുടെ വനിതാ നേതാവിന് ഗ്രേസ് മാർക്ക് ലഭിക്കുന്നതിന് വേണ്ടി മലയാളം സ്കിറ്റ് മത്സരത്തിൽ ഒന്നാം സ്ഥാനവും എ ഗ്രേഡും ലഭിച്ചതായി വ്യാജ സർട്ടിഫിക്കറ്റ് നൽകിയത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം നൽകുമോ; | (എ) | മലയാളം സ്കിറ്റിൽ പങ്കെടുത്തതിന് ലഭിച്ച സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് ഗ്രേസ് മാർക്ക് അനുവദിച്ചിട്ടുള്ളത്. |
| (ബി) | മേൽപ്പറഞ്ഞ വിദ്യാർത്ഥി നേതാവ് ബി.എ. ആറാം സെമസ്റ്റർ പരീക്ഷ പരാജയപ്പെട്ടതിനെ തുടർന്ന് വ്യാജമായി 10 മാർക്ക് ഗ്രേസ് മാർക്ക് നൽകി വിജയിപ്പിച്ചെന്ന ആരോപണത്തിൽ സർവകലാശാല അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | സർവ്വകലാശാല രജിസ്ട്രാർ പ്രാഥമികാന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. വിഷയത്തിൽ കൂടുതൽ അന്വേഷണം നടത്തുന്നതിനായി മൂന്ന് സിൻഡിക്കേറ്റംഗങ്ങളടങ്ങിയ സമിതിയെ ചുമതലപ്പെടുത്തിക്കൊണ്ട് ഓഗസ്റ്റ് 23-ന് ചേർന്ന സിൻഡിക്കേറ്റ് യോഗം തീരുമാനമെടുത്തിട്ടുണ്ട്. |
| (സി) | ഈ വിഷയത്തിൽ സേവ് യൂണിവേഴ്സിറ്റി ക്യാമ്പയിൻ കമ്മിറ്റി ചാൻസലർക്ക് സമർപ്പിച്ച പരാതിയുടെ അടിസ്ഥാനത്തിൽ സർവ്വകലാശാല നാളിതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | (സി) | സേവ് യൂണിവേഴ്സിറ്റി ക്യാമ്പയിൻ കമ്മിറ്റി ചാൻസലർക്ക് സമർപ്പിച്ച പരാതി സർവ്വകലാശാലയിൽ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ